# പരസ്പര ബാധ്യതകൾ

لِلْمُؤْمِنِ عَلَى الْمؤمِنِ سَبْعَةَ حُقُوقٍ وَاجِبَةٌ مِنَ اللهِ عَزَّ وَجَلَّ
الإجْلَالُ لَهُ فِي عَيْنِهِ وَالْوُدُّ لَهُ فِي صَدْرِهِ وَ الْمُواسَاةُ لَهُ فِي مَالِهِ
وَأَنْ يُحَرِّمَ غِيبَتَهُ وَ أَنْ يَعُودَهُ فِي مَرَضِهِ وَ أَنْ يُشَيِّعَ جَنَازَتَهُ وَ
أَنْ لاَ يَقُولَ فِيهِ بَعْدَ مَوْتِهِ إلاَّ خَيْرًا. (ابن بابويه)

**"ഒരു വിശ്വാസിക്ക് മറ്റൊരു വിശ്വാസിയോട് പ്രതാപവാനും അജയ്യനുമായ അല്ലാഹു നിർബന്ധമാക്കിയ ഏഴു ബാധ്യതകളുണ്ട്. അയാളോട് കാഴ്ചയിൽ ആദരവു പുലർത്തുക, മനസ്സിൽ സ്നേഹം പുലർത്തുക, തന്റെ സമ്പത്തിൽ അയാളോട് തുല്യത പുലർത്തുക, അയാളെ പരദൂഷണം പറയുന്നത് നിഷിദ്ധമാക്കുക, അയാൾ രോഗിയായാൽ സന്ദർശിക്കുക, മരിച്ചാൽ ജനാസ സംസ്കരിക്കുക, മരണാനന്തരം അയാളെക്കുറിച്ച് നല്ലതുമാത്രം പറയുക."**

സത്യവിശ്വാസികൾ തമ്മിൽ ഉണ്ടായിരിക്കേണ്ട പരസ്പര ബന്ധത്തിന്റെ പ്രകൃതിയും സ്വഭാവവും വിശദീകരിച്ചുതരികയാണ് ഈ തിരുവചനം. ഇബ്നു ബാബവൈഹി ഉദ്ധരിക്കുന്ന ഈ ഹദീസിന്റെ നിവേദകൻ ആരെന്നു വ്യക്തമല്ല. വിശ്വാസികൾ വിശ്വാസികളോടും അല്ലാത്തവരോടും സൗഹാർദപരമായി സഹവർത്തിക്കണമെന്നത് ഒരു പൊതുതത്ത്വമാണ്. എന്നാൽ മറുപക്ഷം ഈ സൗഹാർദത്തെ പിച്ചിച്ചീന്തുകയും തെളിഞ്ഞ ശത്രുക്കളായി മുന്നോട്ടുവരുകയും ചെയ്യുമ്പോൾ വിശ്വാസികൾക്ക് അതേ രീതിയിൽ തന്നെ അവരെ നേരിടേണ്ടിവരും. ഇത് ദൗർഭാഗ്യകരമായ ഒരവസ്ഥയാണ്. പലപ്പോഴും ഈ ദുരവസ്ഥയെ അഭിമുഖീകരിക്കേണ്ടിവരുന്നത് വിശ്വാസികളുടെ തന്നെ ദൗർബല്യവും നടപടിദൂഷ്യവും മൂലമായിരിക്കും. വിശ്വാസികൾ വിശ്വാസത്തിന്റെ താൽപര്യമനുസരിച്ച് ജീവിക്കാതെ അവിശ്വാസപരമായ സ്വഭാവചര്യകൾ സ്വീകരിക്കുകയും അങ്ങനെ ആഭ്യന്തര മണ്ഡലം ശിഥിലമാവുകയും ചെയ്യുമ്പോഴാണ് ഇതര സമൂഹങ്ങൾക്ക് അവരെ കടന്നാക്രമിക്കാനും അടിച്ചമർത്താനും ധൈര്യവും പ്രചോദനവും ലഭിക്കുന്നത്. ആരോഗ്യകരമായ പരസ്പരബന്ധം വഴി മുഅ്മിനുകളുടെ ആഭ്യന്തര രംഗം ഭദ്രമാക്കിയില്ലെങ്കിൽ, എത്ര വിട്ടുവീഴ്ചയോടെയും സൗഹാർദപരമായും വർത്തിച്ചാലും അവർ ഇതര വിഭാഗങ്ങളുടെ അക്രമങ്ങൾക്കും അടിച്ചമർത്തലുകൾക്കും വിധേയരാകും.

ഒരു സമൂഹത്തിന് പുരോഗതിയുടെ പടവുകൾ ചവിട്ടിക്കയറാൻ കഴിയുന്നത്, ആ സമൂഹത്തിലെ അംഗങ്ങളുടെ ഐക്യത്തോടും സഹകരണത്തോടും കൂടിയുള്ള പ്രയത്നത്തിലൂടെയാണ്. വ്യക്തികൾ ഒറ്റക്കൊറ്റക്ക് എത്ര കഴിവുറ്റവരായാലും പരസ്പരം ബന്ധപ്പെടാതെയും സഹകരിക്കാതെയും അവർക്ക് മുന്നേറാനാവില്ല. വൈജ്ഞാനികരംഗത്തും സൈനികരംഗത്തും ശാസ്ത്രരംഗത്തും സാമ്പത്തികരംഗത്തും എല്ലാം അവർ പിന്നണിയിൽതന്നെ നിൽക്കേണ്ടിവരും. നേരെമറിച്ച് സമൂഹത്തിലെ അംഗങ്ങൾ വ്യക്തിതലത്തിൽ അത്രയൊന്നും പ്രഗത്ഭരല്ലെങ്കിലും കൂട്ടായ ചിന്തയും അധ്വാനവും അവരെ ശിഥിലീകരിക്കപ്പെട്ട പ്രഗത്ഭരുടെ എത്രയോ മുന്നിലെത്തിക്കും.

ഈ ലോകത്ത് മനുഷ്യരിൽ സമത്വസ്ഥിതിയും സമഭാവനയും സൃഷ്ടിക്കാൻ പ്രാപ്തമായ വല്ല ശക്തിയുമുണ്ടെങ്കിൽ അത് സ്നേഹത്തിലും സൗഹാർദത്തിലും അധിഷ്ഠിതമായ പരസ്പരബന്ധം മാത്രമാകുന്നു. ഏതെങ്കിലും ഒരു വിഭാഗത്തിന്റെ സർവാധിപത്യം കൊണ്ടോ സമ്പത്ത് മുഴുവൻ സാമൂഹിക ഉടമസ്ഥതയിലാക്കിയതുകൊണ്ടോ സമത്വം സാക്ഷാത്കരിക്കപ്പെട്ടിട്ടില്ല. ഇനിയൊട്ട് സാക്ഷാത്കരിക്കപ്പെടുകയുമില്ല എന്ന് ഇന്ന് ഏതാണ്ടെല്ലാവർക്കും ബോധ്യപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

ഈ വസ്തുതകളുടെ പശ്ചാത്തലത്തിൽ ആലോചിക്കുമ്പോൾ നടേ ഉദ്ധരിച്ച നബിവചനം ഗൗരവമേറിയ ഒരധ്യാപനമാണ്. ഇത് ഒരൊറ്റപ്പെട്ട ഹദീസല്ല. ഇതേ വചനത്തിന്റെ ആശയം പ്രകാശിപ്പിക്കുന്ന ഒട്ടനവധി തിരുവചനങ്ങൾ വേറെയുമുണ്ട്: 'വിശ്വാസികൾ ഒരു ശരീരം പോലെയാണ്. ഒരവയവത്തിന് കേടു സംഭവിച്ചാൽ ശരീരം മുഴുവൻ വേദനിക്കും.' 'വിശ്വാസികൾ സുഭദ്രമായ കെട്ടിടം പോലെയാണ്. അതിന്റെ ഒരു കല്ലിളകിയാൽ കെട്ടിടം മുഴുവൻ തകരുന്നു' എന്നു തുടങ്ങി, അയൽക്കാരൻ പട്ടിണി കിടക്കുമ്പോൾ വയറു നിറച്ചുണ്ണുന്നവൻ നമ്മിൽ പെട്ടവനല്ല' എന്നുവരെയുള്ള വചനങ്ങൾ അതിന് ഉദാഹരണങ്ങളാകുന്നു.

ഇവിടെ വിശ്വാസികൾ തമ്മിലുള്ള പരസ്പരബന്ധം ഊട്ടിയുറപ്പിക്കുന്ന ഏഴു കാര്യങ്ങൾ എണ്ണിപ്പറഞ്ഞിരിക്കുകയാണ്. ഈ കാര്യങ്ങൾ വിശ്വാസികൾ പാലിച്ചാൽ നന്ന് എന്നല്ല പറയുന്നത്. അവ വിശ്വാസികളുടെ ബാധ്യതയാണ് എന്നാണ്. അതും ധാർമിക ബാധ്യത മാത്രമല്ല, നിർബന്ധ ബാധ്യതയാണെന്നും എടുത്തുപറഞ്ഞിരിക്കുന്നു. നിർബന്ധ ബാധ്യതകളെല്ലാം അല്ലാഹുവിങ്കൽനിന്ന് ചുമത്തപ്പെടുന്നതാണെന്നതിൽ വിശ്വാസിക്ക് യാതൊരു സംശയവുമില്ല. എന്നിട്ടും ഈ ഹദീസിൽ ആ

ബാധ്യതകളെല്ലാം അല്ലാഹുവിനാൽ നിർബന്ധമാക്കപ്പെട്ടതാണെന്നുകൂടി സവിശേഷം പ്രസ്താവിച്ചിരിക്കുന്നു. ഈ സപ്തബാധ്യതകളുടെ പ്രാധാന്യവും ഗൗരവവുമാണ് ഇതെല്ലാം വിളിച്ചോതുന്നത്.

ഒരു വിശ്വാസിയുടെ കണ്ണിൽ മറ്റൊരു വിശ്വാസി ആദരണീയനായിരിക്കണമെന്നാണ് ഒന്നാമതായി പറയുന്നത്. അതായത് തന്റെ സഹോദരനെ ആദരണീയനായി കാണുക എന്നതാണ് ഒരു വിശ്വാസിയുടെ പ്രഥമ ബാധ്യത. മനുഷ്യർ എന്ന നിലക്ക് വ്യക്തികൾക്കുള്ള അന്തസ്സ് അംഗീകരിച്ചുകൊടുക്കുകയും അതനുസരിച്ച് പെരുമാറുകയും ചെയ്യുകയാണിത്. മറ്റേ വിശ്വാസി നിങ്ങളുടെ ഭൃത്യനാവാം, കീഴ്ജീവനക്കാരനാവാം, ഭാര്യയാവാം, മകനാവാം, അല്ലെങ്കിൽ നിങ്ങളേക്കാൾ ദരിദ്രനാവാം, വിദ്യാഭ്യാസം കുറഞ്ഞവനാവാം, സാമർഥ്യമില്ലാത്തവനാവാം, സ്വാധീനമില്ലാത്തവനാവാം. ഇതൊന്നും ഒരു മനുഷ്യൻ എന്ന നിലക്കുള്ള അയാളുടെ അന്തസ്സിനെയും ആദരണീയതയെയും ഹനിക്കുന്നില്ല. എല്ലാ തട്ടിലുള്ള ആദം സന്തതികളെയും അല്ലാഹു ആദരിച്ചിട്ടുണ്ടെന്ന് വിശുദ്ധഖുർആൻ പ്രസ്താവിക്കുന്നു. ലോകനിയന്താവായ അല്ലാഹു ആദരിച്ച ഒരു മനുഷ്യനും, ആ അല്ലാഹുവിൽ വിശ്വസിക്കുന്ന, വിനീതനായ ഒരു ദാസന്റെ കണ്ണിൽ അനാദരണീയനായിക്കൂടാ.

സമൂഹത്തിൽ വ്യക്തികളുടെ അന്തസ്സുയർത്തുകയും സമഭാവന വളർത്തുകയും ചെയ്യുന്നതിൽ ഈ പരസ്പരാദരവിന് വലുതായ പങ്കുണ്ട്. ഇത്തരം ആദരവ് നിലനിൽക്കുന്ന സമൂഹത്തിൽ ഒരിക്കലും വർണവ്യവസ്ഥയും ജാതീയതയും വളർന്നുവരുകയില്ല. വർണവ്യവസ്ഥയും ജാതീയതയും പുലരുന്ന സമൂഹത്തിൽ ഇത്തരം പരസ്പരാദരവും അതിൽനിന്നുളവാകുന്ന മനുഷ്യമഹത്വവും സമഭാവനയും ഉണ്ടാവുകയുമില്ല.

സമഭാവനയുടെയും സൗഹാർദത്തിന്റെയും ആദ്യപടിയാണ് വ്യക്തികളുടെ പരസ്പരാദരവ്. അപരനെ നിന്ദ്യനായോ തന്നിൽ താഴ്ന്നവനായോ കാണുന്നവന് അയാളെ സമഭാവനയോടെ കാണാനോ ആത്മാർഥമായ സൗഹാർദം പുലർത്താനോ കഴിയുകയില്ല. ആരോഗ്യകരമായ വ്യക്തിബന്ധത്തിന്റെ കവാടമാണ് പരസ്പരാദരവ്. അതിലൂടെ കടന്നുചെല്ലുന്നവർക്കേ പരസ്പര സ്നേഹം പുലർത്താൻ കഴിയൂ. അതുകൊണ്ടുതന്നെയാണ് മുഅ്മിനിന്റെ ഒന്നാമത്തെ നിർബന്ധ സ്വഭാവമായി അല്ലാഹു പരസ്പരാദരവ് തന്നെ നിശ്ചയിച്ചതും.

മനസ്സിൽ അപരനോട് സ്നേഹമുണ്ടായിരിക്കുക എന്നതാണ് രണ്ടാമത്തെ ബാധ്യത. ഒന്നാമത്തെ ബാധ്യത ശരിക്കും പൂർത്തീകരിക്കപ്പെട്ടാലേ ഈ ബാധ്യത ഏറ്റെടുക്കാൻ കഴിയൂ. പരസ്പരാദരവ് വെറും നാട്യമായാൽ പോരാ. ഉച്ചനീചത്വ ഭാവത്തിലുള്ളതും ആയിക്കൂടാ അത്. മറിച്ച്, ആത്മാർഥമായി അന്തസ്സ് പരസ്പരം അംഗീകരിക്കലായിരിക്കണം. അങ്ങനെ അംഗീകരിക്കുന്നതിൽ പരിമിതമാവാനും പാടില്ല. അത് പരസ്പര സ്നേഹമായി വളരുകയും വേണം. പരസ്പര സ്നേഹം എന്ന രണ്ടാം ബാധ്യത പരസ്പരാദരവ് എന്ന ഒന്നാം ബാധ്യതയുടെ തന്നെ വികസിത രൂപമാണ്.

മൂന്നാമതായി എണ്ണിയിട്ടുള്ളത് സാമ്പത്തികമായ തുല്യതയാണ്. ഇതിനർഥം ഒരാളുടെ ഉടമസ്ഥതയിലുള്ള സ്വത്തുക്കളിൽ അപരന്നും തുല്യ അധികാരം നൽകണം എന്നല്ല. അത് കൃത്രിമമായ സമത്വമാണ്. ജീവിതത്തിന്റെ അടിസ്ഥാനാവശ്യങ്ങൾ നേരിടുന്നതിൽ ഒരാളുടെ ഉടമസ്ഥതയിലുള്ള സ്വത്ത് മറ്റുള്ളവരുടേതിന് തുല്യമായിരിക്കണമെന്നാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അയൽവാസി പട്ടിണി കിടക്കുമ്പോൾ താൻ വയറുനിറച്ചുണ്ട് സുഖമായി കിടക്കരുത്. അയൽവാസിയുടെ വിശപ്പകറ്റാനാവശ്യമായ ഭക്ഷണം നൽകണം. അല്ലാതെ തന്റെ സ്വത്തിന്റെ പകുതി അയാൾക്ക് എഴുതിക്കൊടുക്കേണ്ടതില്ല. സമ്പാദിക്കലും ശേഖരിച്ചുവെക്കലുമെല്ലാം ഓരോരുത്തർക്കും വിഹിതമായ മാർഗങ്ങളിലൂടെ അവരവരുടെ കഴിവും സാമർഥ്യവുമനുസരിച്ച് നടത്താവുന്നതാണ്. അതിനെ ഇസ്‌ലാം വിലക്കിയിട്ടില്ല; പ്രോത്സാഹിപ്പിച്ചിട്ടേയുള്ളൂ. എന്നാൽ, അവനവൻ സമ്പാദിച്ചുവെച്ചതിലെ മിച്ചം സമ്പാദിക്കാൻ സാധിക്കാതെപോയ അന്യന്റെ അടിസ്ഥാനാവശ്യങ്ങൾ നിവർത്തിക്കാൻ കൂടി ഉപകരിക്കണം. അതാണ് പ്രസക്തവും പ്രധാനവുമായ സംഗതി. സമ്പാദിക്കാൻ സാമർഥ്യമുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതും അതിനുവേണ്ടിയാണ്. അല്ലാതെ മറ്റുള്ളവരുടെ ആവശ്യങ്ങൾ വിലക്കി വിഭവങ്ങൾ സ്വന്തം അധീനത്തിൽ കെട്ടിപ്പൂട്ടി വെക്കുന്നതിനല്ല.

സമ്പത്തിൽ പാലിക്കാൻ കൽപിക്കപ്പെട്ട ഈ തുല്യത, പക്ഷേ നിയമംകൊണ്ടോ അധികാരശക്തികൊണ്ടോ നടപ്പിലാക്കേണ്ടതല്ല. ആദ്യം പറഞ്ഞ രണ്ടു ബാധ്യതകളുടെ-പരസ്പരാദരവിന്റെയും സ്നേഹത്തിന്റെയും- പ്രായോഗികരൂപമാണിത്. പരസ്പരം ആദരിക്കുകയും സ്നേഹിക്കുകയുംചെയ്യുന്ന രണ്ടു വ്യക്തികളിൽ ഒരാൾ സുഖിക്കുകയും അപരൻ നരകിക്കുകയും ചെയ്യുന്ന ഒരവസ്ഥയുണ്ടാവുകയില്ല. സുഖവും ദുഃഖവും പരസ്പരം പങ്കിടാൻ സ്നേഹവും ആദരവും അവരെ നിർബന്ധിക്കുകതന്നെ ചെയ്യും.

മറ്റൊരു വിശ്വാസിയെക്കുറിച്ച് പരദൂഷണം നിഷിദ്ധമാക്കുക എന്നതാണ് നാലാമത്തെ ബാധ്യത. പരസ്പര സ്നേഹത്തെയും ആദരവിനെയും ഹനിക്കുന്ന വിഷമാണ് പരദൂഷണം. പരദൂഷണം പറയുകയില്ല എന്നോ പറയാതിരിക്കുക എന്നോ അല്ല ഹദീസിൽ പറയുന്നത്. പരദൂഷണം നിഷിദ്ധമാക്കുക എന്നാണ്. പരദൂഷണം പറയുന്നതിൽനിന്നും കേൾക്കുന്നതിൽ നിന്നും അതിന് അവസരം സൃഷ്ടിക്കുന്നതിൽനിന്നും എല്ലാം ഒഴിഞ്ഞുനിൽക്കണമെന്നാണതിന്റെ താൽപര്യം.

രോഗമായാൽ സന്ദർശിച്ച് ആശ്വാസമരുളുകയാണ് അഞ്ചാമത്തെ ബാധ്യത. ഇതും സ്നേഹത്തിന്റെയും ആദരവിന്റെയും താൽപര്യമാണ്. ഒരു രോഗിക്ക് തന്റെ സ്നേഹജനങ്ങളുടെ സന്ദർശനവും സാന്ത്വനവും

അരുളുന്ന ആശ്വാസവും ആത്മവിശ്വാസവും അളവറ്റതാണ്. അത് സന്ദർശകനെയും സന്ദർശിക്കപ്പെടുന്നവനെയും അഖണ്ഡമായി ഐക്യപ്പെടുത്തുന്നു. ഒരു രോഗിയെ സംബന്ധിച്ചേടത്തോളം ഏറ്റവും നല്ല ചികിത്സകൂടിയാണിത്.

ഒരു വിശ്വാസിയുടെ സാന്നിധ്യത്തിൽ മറ്റൊരു വിശ്വാസിയുടെ മൃതദേഹം അനാഥമാക്കപ്പെടുകയോ അയാളുടെ കുടുംബം അവഗണിക്കപ്പെടുകയോ ചെയ്തുകൂടാ. ഒരു സഹോദരൻ മരണപ്പെട്ടാൽ മൃതദേഹം മറമാടാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുകയും പരേതന്റെ ബന്ധുജനങ്ങളെ സമാശ്വസിപ്പിക്കുകയും ചെയ്യേണ്ടത് മറ്റു വിശ്വാസികളാണ്. അതാണ് വിശ്വാസികൾ പരസ്പരം പാലിക്കേണ്ട ആറാമത്തെ നിർബന്ധ ബാധ്യത.

മരിച്ചവരെ ദുഷിക്കാതിരിക്കുകയാണ് ഏഴാമത്തെ ബാധ്യത. മരിച്ചവർ അവരുടെ കർമങ്ങളുംകൊണ്ട് അല്ലാഹുവിങ്കലേക്ക് പോയിക്കഴിഞ്ഞു. ഇനി അവരെ അല്ലാഹു വിചാരണ ചെയ്തുകൊള്ളും. ജീവിച്ചിരിക്കുന്നവർ അയാളുടെ കുറ്റങ്ങളും കുറവുകളും പറഞ്ഞിട്ട് യാതൊരു കാര്യവുമില്ല. മരിച്ചവരുടെ കുറ്റങ്ങൾ പറയുന്നത് അവരുടെ കുടുംബങ്ങളെ വേദനിപ്പിക്കാനേ ഉതകൂ. ചിലപ്പോൾ അവരിൽ ശത്രുതയുണ്ടാക്കാനും അതിടയാക്കും. തിന്മകളെ തടയാനോ ദുഷിച്ചുപോയ ആളുകളെ സംസ്കരിക്കാനോ ഉപകരിക്കുമെങ്കിൽ മാത്രമേ ചീത്തകാര്യങ്ങൾ പരസ്യപ്പെടുത്താൻ ഇസ്‌ലാം അനുവദിക്കുന്നുള്ളൂ. അത് തിന്മക്കുള്ള പ്രോത്സാഹനമായിത്തീരുന്നു എന്നതാണ് കാരണം.

എന്നാൽ മരിച്ചുപോയവരുടെ നന്മകൾ അനുസ്മരിക്കാവുന്നതാണ്. എന്നല്ല അനുസ്മരിക്കേണ്ടതുമാണ്. അത് നന്മക്കുള്ള പ്രോത്സാഹനമാണല്ലോ. മരിച്ചുപോയവരുടെ നന്മകൾ വർണിക്കുമ്പോൾ അത് ജീവിച്ചിരിക്കുന്നവരെ നന്മകളിലേക്ക് പ്രചോദിപ്പിക്കുന്നു. ജീവിച്ചിരിക്കുന്നവരിൽ അവരോട് ആദരവും സ്നേഹവും ഉളവാകുകയും അങ്ങനെ അവർക്കു വേണ്ടി പ്രാർഥിക്കുകയും ചെയ്യാൻ ഇടയാകുന്നു. ഇതെല്ലാം ഇരു കൂട്ടർക്കും ഗുണകരമായ കാര്യങ്ങളാണ്.